# കണ്ടറിഞ്ഞ ഉപദേശം

■ പറവൂർ രാജഗോപാൽ

കൈയിലിരിക്കുന്ന ധനംപോലെയാണ് കടന്നുപോകുന്ന ഓരോ നിമിഷവും. നമുടെ ഇഷ്ടമനുസരിച്ച് നമുക്ക് അതിനെ പ്രയോജനപ്പെടുത്താൻ കഴിയും. ആലോചനയില്ലാതെ ചെലവാക്കിയാൽ അതിന്റെ ശരിയായ ഫലം നമുക്ക് കിട്ടാതെയും വരും.

ഒരു ശിഷ്യൻ ഗുരുവിനോട് ചോദിച്ചു:

“ഗുരോ, അങ്ങ് എനിക്ക് ഒരു ഉപദേശം തരുമോ?”



മണ്ണിന്റെ അമ്ലത്വം കുറക്കാനുപയോഗിക്കുന്ന രാസവസ്തു– കുമ്മായം (കാൽസ്യം ഹൈഡ്രോക്സൈഡ്)

അപ്പോൾ സമയം സന്ധ്യ കഴിഞ്ഞിരുന്നു. ചോദ്യം കേട്ടതും ഗുരു ഒരു മെഴുകുതിരി തെളിച്ച് കാര്യമായി എന്തോ എഴുതാൻ തുടങ്ങി

ശിഷ്യൻ വീണ്ടും ചോദിച്ചു:.

''ഗുരോ, എനിക്ക് എന്തെങ്കിലും ഉപദേശം നൽകിയാലും..''

അതു കേട്ടതായി ഭാവിക്കാതെ ഗുരു എഴുത്ത് തുടർന്നു. ശിഷ്യൻ വീണ്ടും ചോദിക്കുക തന്നെ ചെയ്തു:

''എന്തേ.. അങ്ങ് എനിക്ക് എന്തെങ്കിലും ഉപദേശം തരാത്തത്?

ഞാൻ എത്രയോ തവണയായി ചോദിക്കുകയാണ്. ഒരു ഉപദേശം എനിക്കും തരിക ഗുരോ...''

അപ്പോഴും അദ്ദേഹം എഴുതിക്കൊണ്ടേയിരുന്നു.

ശിഷ്യന്റെ ചോദ്യവും ഗുരുവിന്റെ എഴുത്തും ഏറെ നേരം ഇങ്ങനെ തുടർന്നു. ഒടുവിൽ ഗുരു എഴുത്തു നിർത്തി. അപ്പോഴേക്കും മെഴുകുതിരി ഉരുകിത്തീർന്നിരുന്നു.

ശിഷ്യൻ വീണ്ടും ചോദിച്ചു:

''ഇതെന്തേ ഗുരോ, ഞാൻ പലവട്ടം ചോദിച്ചിട്ടും അങ്ങ് എന്റെ ചോദ്യത്തിന് മറുപടി നൽകാഞ്ഞത്?''

അപ്പോൾ ഗുരു പറഞ്ഞു:

''നിന്റെ ചോദ്യം ഞാൻ കേട്ടിരുന്നു. അതിന് ഞാൻ മറുപടിയും തന്നിരുന്നുവല്ലോ.''

ശിഷ്യൻ പറഞ്ഞു: ''അങ്ങയുടെ മറുപടി ഞാൻ കേട്ടില്ലല്ലോ.''

ചിരിച്ചുകൊണ്ട് ഗുരു അപ്പോൾ പറഞ്ഞു:

''എന്റെ പ്രവൃത്തി തന്നെയായിരുന്നു നിനക്കുള്ള ഉത്തരം. മെഴുകുതിരി വെട്ടം എപ്പോൾ വേണമെങ്കിലും കെട്ടുപോകാമെന്ന് എനിക്ക് അറിയാമായിരുന്നു. ഒന്നുകിൽ മെഴുകുതിരി കത്തിത്തീർന്നുപോകും. അല്ലെങ്കിൽ കാറ്റ് അതിനെ അണച്ചുകളയും. അതാണ് ഒരു സെക്കൻഡ് പോലും പാഴാക്കാതെ ഞാൻ എന്റെ ജോലി ചെയ്തുകൊണ്ടേയിരുന്നത്.

ഇതുപോലെ ജീവിതമാകുന്ന വെട്ടവും ഏതു നിമിഷവും അണഞ്ഞുപോകും. അതുകൊണ്ട് ജീവിക്കുന്ന ഓരോ നിമിഷവും ശ്രദ്ധയോടുകൂടി വേണം ജീവിച്ചുതീർക്കാൻ. അതായിരുന്നു നിനക്കുള്ള എന്റെ ഉപദേശം.''

അതുകേട്ട് ശിഷ്യന് തന്റെ ഗുരുവിനോടുള്ള ആദരവും മതിപ്പും പതിന്മടങ്ങായി വർധിച്ചു.

# എംബസിയും അംബാസഡറും



ഒരു പരമാധികാര രാജ്യത്തെ പ്രതിനിധീകരിച്ച് മറ്റൊരു രാഷ്ട്ര തലസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഖ്യ നയതന്ത്ര കാര്യാലയമാണ് എംബസി (Embassy).

ഒരു വിദേശ ഗവൺമെന്റിലേക്കുള്ള ദൗത്യം നിർവഹിക്കുന്ന എംബസിയിലെ മുഖ്യ ഉദ്യോഗസ്ഥനാണ് അംബാസഡർ. ഒരു രാജ്യത്തിന്റെ പ്രതിപുരുഷനായ ഇദ്ദേഹം സ്വരാജ്യത്തെ പ്രതിനിധീകരിച്ച് ആതിഥേയ രാഷ്ട്രത്തോട് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

ആദ്യത്തെ പോളിയോ വാക്സിൻ വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞൻ– ജൊനാസ് സാൽക്ക് (അമേരിക്ക)